# സ്പെക്ട്രം
# ഡിജിറ്റൽ മാഗസിൻ

*Edition -2*




**K M G V H S S TAVANUR**
**Tavanur PO,Malappuram Dt.679573, Ph-0494-2687899**
**email-kmgvhss@gmail.com**

# Spectrum

## Digital Magazine

## Edition-2



**സമർപ്പണം**

## കെ.കേളപ്പൻ

**സ്കൂൾ സ്ഥാപകൻ**

**കെ എം ജി വി എച്ച് എസ് എസ് ,തവനൂർ**

**തവനൂർ പി ഒ, 679573,0494 2687899**

**മലപ്പുറം ജില്ല ,കേരളം**

**mail-kmgvhss@gmail.com**
**Blog-kmgvhss.blogspot.com**



**ലി**റ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാസിക തയ്യാറാക്കുന്ന എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയിൽ വിദഗ്ധരായി വളരുവാൻ നമ്മുടെ കുട്ടികൾക്ക് കഴിയും എന്നതിൽ സംശയമില്ല. സ്കൂളുകൾ ഹൈടെക്ക് ആയതോടെ ലിറ്റിൽകൈറ്റ്സി-ൻെറ പ്രസക്തിയും പ്രാധാന്യവും പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്.

കുട്ടികളുടെ ഉന്നതനിലവാരമുള്ള രചനകൾകൊണ്ട് ഈ മാഗസിൻ സമ്പുഷ്ടമാകട്ടെ എന്ന് ആശംസിക്കുന്നു.

പ്രഥമാദ്ധ്യാപകൻ,

സുരേന്ദ്രൻ പി.വി



ആശംസകളോടെ........

കേളപ്പൻ മെമ്മോറിയൽ ഗവൺമെൻ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുണ്ടെന്ന് അറിഞ്ഞതിൽ സന്തോഷിക്കുന്നു.ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇത് തയ്യാറാക്കി എന്നത് ഏറെ അഭിമാനകരമാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.ഈ സംരഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

എന്ന്,
ഋഷികേശൻ ടി എം
പി.ടി.എ പ്രസിഡൻറ്.



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറഭാഗമായി നമ്മുടെ സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്" IT ക്ലബ്ബിലെ കുട്ടികൾ ഒരു ഡിജിറ്റൽ മാസികതയ്യാറാക്കുന്നതിൽ വളരെയധികം സന്തോഷിക്കുന്നു.

നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നടത്തുന്ന ഈ പഠന പരിശീലന പരിപാടിയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

ഉണ്ണികൃഷ്ണൻ കെ ,

ചെയർമാൻ,സ്കൂൾ വികസനസമിതി.

## എഡിറ്ററുടെ കുറിപ്പ്....



പ്രിയരെ......

ഏറെ അഭിമാനത്തോടും സന്തോഷത്തോടും കൂടിയാണ് നമ്മുടെ സ്ക്കൂളിലെ ഡിജിറ്റൽ മാഗസിൻ "**Spectrum**" രണ്ടാം പതിപ്പ് വായനക്കാർക്കായി മിഴിതുറക്കുന്നത്. കുട്ടികളുടെ ജ്ഞാനോദയത്തിന്റെ ആദ്യ ചുവടുവെയ്പ്പാണ് എഴുത്തും വായനയും. അറിവിന്റെ വികാസം വായനയിലൂടെയാണെങ്കിൽ ഭാവന അവരുടെ കഴിവുകളെ പ്രചോദിപ്പിക്കുന്നു. കലയും സാഹിത്യവും ഉള്ളിലുള്ള മനുഷ്യത്വത്തെ ഉണർത്തുകയും നല്ല മനുഷ്യരായി, നന്മ നിറഞ്ഞവരായി മാറ്റുകയും ചെയ്യുന്നു.

അക്ഷയ നിധികൾ ഒളിഞ്ഞു കിടക്കുന്ന കുട്ടികളുടെ കുറിപ്പുകളെ, മൊഴിമുത്തുകളെ ഇവിടെ നിങ്ങൾക്കു മുന്നിൽ തുറന്നു വെക്കുന്നു. അവരെ പ്രോത്സാഹിപ്പിച്ച് പ്രചോദിപ്പിച്ച് നാളത്തെ നല്ലയുവത്വമായി വളരാൻ അനുഗ്രഹിക്കുക.

ഏറെ സ്നേഹത്തോടെ എഡിറ്റർ ,

അനുശ്രീ എ വി.



Mohankumar
HSE Principal



Dr.Santhosh C
VHSE Principal



Surendran P V
Head Master



**PTA EXECUTIVE COMMITEE**



**STUDENT PARLIMENT COMMITEE**

# എഡിറ്റോറിയൽ ബോർഡ്



ചീഫ്എഡിറ്റർ

സുരേന്ദ്രൻ പി വി




സ്റ്റാഫ് എഡിറ്റർ

മുരളീധരൻ ടി കെ



സ്റ്റുഡൻറ് എഡിറ്റർ

അനുശ്രീ എ വി



നിദ




ഉത്തര



ശ്രീപ്രസാദ്



സനോജ്



ഹന്ന



അനഘ



നിയാസ്



നിവേദ്



അർഷിദ



അഞ്ജന



നന്ദന



സവ്യ

# കെ എം ജി വി എച്ച് എസ് എസിൻെറ അഭിമാന താരങ്ങൾ



**Sradha T M** 10F
Science Seminar,(State A Grade)
SS Prasangam,Kavitha Rachana,
Essay Writing,Everest Scholorship




**Anusree A V** 9D
NMMMS,Everest
Scholorship



**Hisham** 10A
Sports (State)



**Aadinandan**
SS Quiz



**Fathima Nida**
Digital painting



**Abhinav**
Programming



**Shibila**
Ganithamela



**Nived** 9D
LK,District Camp



**Ladeeda**
Nadakam,
Vidyarangam



**Sinan**
Nadakam



**Fayis**
Nadakam



**Savad**
Nadakam



**Ashik**
Nadakam



**Murshida**
Nadakam



**Adil**
Nadakam



**Neha**
Nadakam



**Shadhi**
Nadakam



**Anjali**
Ganithamela



**Nehala**
Ganitham



**Uthara**
Chess



**Anjana**
Vidyarangam



**Meera**
Kavyakeli



**Navya P**
Atlas Making



**Lakshmi Maya**
Kavithalapanam



**Yaseen**
Animation



LITTLE KITES-2019-20



LITTLE KITES 2019-21



LITTLE KITES-2019-22



SCHOOL GUIDES



SCHOOL JRC

## ഉള്ളടക്കം

മാതൃവിലാപം....................................................................................................................11
സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം......................................................................................12
SUNSHINE THROUGH RAIN...........................................................................................14
മായാനദി........................................................................................................................16
നിശാ സൗന്ദര്യം................................................................................................................16
ഡിജിതാൾ.......................................................................................................................17
PARENTS- A GOOD ROLE MODEL..................................................................................18
മറവി ബാധിച്ച പ്രകൃതി.......................................................................................................19
രാത്രിയിലെ വർണ്ണക്കാഴ്ച......................................................................................................20
TYPES OF PEOPLE.........................................................................................................21
BEAT AIR POLLUTION....................................................................................................22
ബാല്യം...........................................................................................................................23
UMBRELLA...................................................................................................................24
DREAMS.......................................................................................................................24
സൗഹൃദം.........................................................................................................................25
പള്ളിക്കൂടത്തിൻമുറ്റത്ത്.....................................................................................................25
മഴയുടെ നൊമ്പരം..............................................................................................................26
എനിക്കൊരു ഹൃദയം ഉണ്ടായിരുന്നെങ്കിൽ................................................................................26
ഗുരുകടാക്ഷം.....................................................................................................................28
THE TEARS OF A BEST FRIEND.......................................................................................31
ദാഹജലം..........................................................................................................................33
നിറങ്ങളിലൂടെ...................................................................................................................35
ദശപുഷ്പങ്ങൾ...................................................................................................................37
ബലിച്ചോറ്.........................................................................................................................38
നിള................................................................................................................................39
FIGURE OF LOVE...........................................................................................................41
ഓർമ്മകളുടെ ലാളനം............................................................................................................42
ജീവിതത്തിലെ വിജയവും പരാജയവും.......................................................................................43
ആപ്പുകൾ..........................................................................................................................44
DREAMS........................................................................................................................49

**മാതൃവിലാപം**



ഹൃദ്യ പ്രമോദ് 10A

അന്നാ ഉദരത്തിൽ നിന്നും ജീവൻെറ
തുടിപ്പായി വന്ന നേരം
വിറയാർന്ന കൈകളാൽ എന്നെ പുൽകി
ചുണ്ടാൽ ചുംബനം സമ്മാനിച്ച
എന്തിനെന്നറിയില്ല എന്തുകൊണ്ടറിയില്ല
വിങ്ങി പിടഞ്ഞു ഞാൻ തേങ്ങുമ്പോഴും
മാറോട് ചേർത്തന്ന് താരാട്ടുപാടിയതിൻ
ശീലുകൾ ഇന്നും മനസ്സിലിപ്പോൾ
എൻെറ മായാത്ത ഓർമ്മ നിലക്കുന്നില്ല
ആദ്യമായ് അക്ഷരം ചൊല്ലിതന്നതും
നാവിൻെറ തുമ്പിൽ കുറിച്ചുതന്നതും
അമ്മേടെ കയ്യിൻെറ തറ്റംപടിച്ച
അന്നങ്കണവാടിയിൽ പോയതും
ഓർമ്മകൾ തൻ ശീലുകൾ
മായാതെ നിന്നിട്ടും... എന്തെ ഇന്നമ്മ
വൃദ്ധസദനത്തിൽ എന്നെയും കാത്തിരിക്കുന്നു .....

# സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം



**ലീല കെ**
**മലയാള വിഭാഗം**

പുതിയൊരു പുസ്തകം തുറക്കുമ്പോൾ പുത്തൻ കടലാസിന്റെയും അച്ചടി മഷിയുടേയുംആസ്വദിച്ചുകൊണ്ട് വായന ആരംഭിക്കുന്നതിന്റെഗൃഹാതുരത ഇന്ന് കാലഹരണപ്പെട്ട് കഴിഞ്ഞു .അച്ചടിച്ച പുസ്തകത്താളുകളിൽ നിന്ന്  വായന മൊബൈൽ ഫോണിലേയ്ക്കും കമ്പ്യൂട്ടറിലേക്കും  വായനയ്ക്കായുള്ള  പ്രത്യേക  ഉപകരണങ്ങളിലേക്കും വികസിച്ചിരിക്കുന്നു. പുസ്തകമില്ലാതായാലും  വായനമരിക്കുകയില്ല വളരുകയാണെന്ന് ഏറെക്കുറെ വ്യക്തമായിക്കഴിഞ്ഞു.വായനയല്ല വായനയുടെ പരമ്പരാഗത രീതിയാണ് മാറുന്നത് .

**ഇ-ബുക്കുകൾ**

ഇ-ബുക്കുകൾ വായിക്കുന്നതിനുള്ള ഉപകരണമാണ് ഇ- റീഡറുകൾ . പ്രസിദ്ധ ഇ- റീഡറുകളാണ് ഒണിക്സ്, ആമസോൺ , എക്കാക്കോ എന്നിവ. കമ്പ്യൂട്ടറുകളിലും എല്ലാ സ്മാർട്ട് ഫോണുകളിലും ചില മൊബൈൽ ഫോണുകളിലും  ഇ-ബുക്കുകൾ വായിക്കാം. വ്യത്യസ്ത രീതികളിൽ  ഇ-ബുക്കുകൾ  അവതരിപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയറുകൾ ഇന്നു ലഭ്യമാണ്.

'ഇൻഡക്സ് തോമിസ്റ്റിക്കസ്'' ആണ് ആദ്യത്തെ ഇ-ബുക്ക് എന്നാണ് ഭൂരിപക്ഷ  അഭിപ്രായം. തോമസ് അക്വിനാഡിന്റെ തത്ത്വചിന്താ സമാഹാരമായ ഇൻഡക്സ് തോമിസ്റ്റിക്കസ് 1940 കളുടെ അവസാനത്തിൽ റോബർട്ടോബുഡയാണ് ഇ- വെർഷ നിലേക്ക് മാറ്റിയത്. ഇന്ന് വികസിത രാഷ്ട്രങ്ങളിൽ ഇ-ലൈബ്രറികൾ സാധാരണയാണ്.

**ഓൺലൈൻ സാഹിത്യം**

ഓൺലൈൻ സാഹിത്യവും വാർത്തയും ലോകമെമ്പാടുമുള്ളവരെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. 1984 ൽ പുറത്തിറങ്ങിയ 'കൾട്ട ഓഫ് ദ ഡെഡ് കൗ'  ആണ് ആദ്യ ഓൺലൈൻ മാസിക. 1985 ൽ 'ഫ്രാക്ക്' എന്ന പേരിൽ മറ്റൊരു മാസികയും പുറത്തിറങ്ങി ഒരു എഡിറ്ററുടെ കീഴിൽ മാഗസിനായോ ആഴ്ചപ്പതിപ്പായോ പബ്ലിഷ് ചെയ്യാം. എല്ലാ

ദിവസവും അപ്ഡേറ്റ് ചെയ്യാവുന്നവയും ഉണ്ട്. ഇന്ന് എല്ലാ ഓൺലൈൻ മാസികകൾക്കും സ്വന്തമായി വെബ്സൈറ്റുകളുണ്ട്.

കെ.എൽ.മോഹനവർമ്മയുടെ പത്രാധിപത്യത്തിൽ തുടങ്ങിയ 'പുഴ.കോം' ആണ് മലയാളത്തിലെ ആദ്യ ഓൺലൈൻ മാസിക. പിന്നീട് 'അയനം'"മൂന്നാമിടം' എന്നിവയും നിലവിൽ വന്നു. 'ചിന്ത.കോമി'ന്റെ വരവോടെ ലിപി ടൈപ്പിംഗിനും വായനക്കും സൃഷ്ടിച്ച ബുദ്ധിമുട്ട് ഒഴിവായി. ശ്രീ.എം.കെ.പോളിന്റെ പത്രാധിപത്യത്തിൽ ഹൈദരാബാദിലാണ് ഇതിന്റെ അപ്ഡേഷൻ നടക്കുന്നത്. ശ്രീ.പി.പി രാമചന്ദ്രന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങുന്ന 'ഹരിതം.കോം' ആണ് മറ്റൊരു മലയാള ഓൺലൈൻ മാസിക. സ്ത്രീ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയആദ്യ ഓൺലൈൻ മാസികയാണ് 'കണിക്കൊന്ന.കോം'.

## ഇ-ബുക്കുകൾ വിക്കിയിൽ

വിക്കി മീഡിയ ഫൗണ്ടേഷന്റെ ഇ-ബുക്ക് സംരംഭങ്ങളാണ് വിക്കി ഗ്രന്ഥശാലയും വിക്കി പാഠശാലയും. കഴിഞ്ഞ കാലത്തെ അമൂല്യ ഗ്രന്ഥങ്ങൾപകർപ്പവകാശ കാലാവധി കഴിഞ്ഞ കൃതികൾ, പൊതു സഞ്ചയത്തിൽപ്പെട്ട ഔദ്യോഗിക പ്രമാണങ്ങൾ എന്നിങ്ങനെ മൂന്നുതരം കൃതികളാണ് വിക്കി ഗ്രന്ഥശാലയിലുള്ളത്. ടെക്സ്റ്റ്ബുക്കുകളും ശാസ്ത്രസാങ്കേതിക കൃതികളും ലഭ്യമാക്കുക എന്നതാണ് വിക്കി പാഠശാലയുടെ ലക്ഷ്യം.

## ബ്ലോഗുകൾ

ബ്ലോഗെന്നാൽ ജേർണൽ പോലെകുറിപ്പുകളൊ ചെറുലേഖനങ്ങളോ ഉൾക്കൊള്ളുന്ന വ്യക്തിഗത വെബ്പേജുകളാണ്. വെബ്, ലോഗ് എന്നീ പദങ്ങൾ ചേർന്നാണ് ബ്ലോഗ് എന്ന പദം ഉണ്ടായത്.

ചുരുക്കത്തിൽ ഇന്റർനെറ്റും കമ്പ്യൂട്ടർ അടക്കമുള്ള പുതുതലമുറ ശാസ്ത്രസാങ്കേതികവിദ്യകളും അടങ്ങുന്ന ഡിജിറ്റൽ ലോകം പുതിയൊരു വായനാരീതിയും വിജ്ഞാനത്തിന്റെ പുതുലോകവും നമുക്ക് സമ്മാനിച്ച് കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു.

# SUNSHINE THROUGH RAIN

It is a pleasure day...............
It is a new starting...............

I found pleasure everywhere.......
I found peace everywhere...........

But the dark rain makes me in despire....
Plants,animals,birds,etc...........


All are in love with rain,except me.....
I am in love with the nature hero.......
.
The man with golden crown.........
Our own sunshine

I wait in the balcony for him.........
Yes ,...He came for me....
Through the rain.

Now I feel one of the best and
Beautiful scene in Nature.......
Sunshine through the rain.



**Neha Thahzin**
10 A



**If we care and love environment it will return more to us....**

# വിദ്യാലയം പ്രതിഭകളോടൊപ്പം


കവി മോഹനകൃഷ്ണൻ


സുധീർ മാഷ്


Rtd.സുബേദാർ മേജർ സദാനന്ദൻ


ചുമർചിത്രകാരൻ മണി


കാഥികൻ തവനൂർ മണികണ്ഠൻ


ഡോ.വി ജി പ്രദീപ് കുമാർ



**ഹർഷൻ പി വി**

## മായാനദി

ഇളനീരായി ഒഴുക്കി ഒഴുക്കി
        അണയുന്ന കുളിർജലം
തേൻമഴ തോരാതെ
        മഴപ്പാട്ടിൻ ഈണമാറാതെ
ദേവപാത പോലെ
        ഹിമവാണിപോലെ
നിലാമഴയുടെ കുളിരിൽ
        സ്വപ്നമായാ നദി ഒഴുകുന്നു



**ആദിനന്ദൻ 9 A**

## നിശാ സൗന്ദര്യം

ഭൂമിയിലെ പുഷ്പവസന്തമെന്നപോലെ

ആകാശനക്ഷത്രങ്ങൾ ശോഭിക്കുന്നു

പവിഴരഥയാത്ര നടത്തി

ഒഴുകിവരുന്ന ചന്ദ്രൻ

പ്രണയമാകുന്ന സമുദ്രത്തിൽ

നമ്മുടെ ഹൃദയം ലയിപ്പിക്കുന്നു

# ഡിജിതാൾ


DIGITAL PAINTINGS


WE SHALL TRY TO STOP OUR CRUELTIES
SAVE NATURE SAVE LIFE
save nature
save our
life
SAVE WATER
SAVE OUR LIFE
save nature
save future
SAVE WATER
SAVE FUTURE
SAVE WATER
വായുവും വെള്ളവും മണ്ണും
മലിനമാക്കുന്നവർക്കെതിരെ
നമുക്ക് കൈകോർക്കാം
DIGITAL POSTER

# PARENTS- A GOOD ROLE MODEL



**Divya P**
**English Dept**

*We often have our own role models. For example, Sachin Tendulkar, Mother Teresa , Mahatma Gandhi , Dr A P J Abdul Khalam etc. But is there any child who takes their parents as a good role models? Well most of the answer is 'No'. The best role model through which we can gain success is truly , no doubt ,but parents.There are other children who think their parents as comfort zones . For example ,your mother as the cook and your father as the A T M. Well we should never think of our parents like this. Never ,it was the parents who brought you to this world. They are the ones who showed the right path , fill our heart with love and peace, pull you out of the hole of darkness. Parents are our second God. We must obey them. But what do we give them in return? " T EARS FILLED WITH DESPAIR". We are their children. We must make them proud. So the only way to achieve success is none other than making your parents " A GOOD ROLE MODEL ".*

**Save the nature to save the future...**



# മറവി ബാധിച്ച പ്രകൃതി

ഐശ്വര്യ രൂപൻ

ചിങ്ങ മാസത്തിലെ ഓണപ്പുലരിയിൽ
പെയ്ത്ത മഴ അത്ര ദുരിതമായ്

മകര മഞ്ഞും വൃശ്ചിക കാറ്റും
എങ്ങോ മറഞ്ഞു

മഞ്ഞിൻ കുളിർമ്മ അറിഞ്ഞു നാം
കർക്കിടകത്തിൻ കാർമുകിലിൽ

തുള്ളാൻ മറന്ന പരലുകൾ പാടത്ത്
ഇടവമാസത്തിൻ നേരങ്ങളിൽ

കാർമുകിൽ എങ്ങോ ഒളിച്ച്
സൂര്യരോഷം മണ്ണിൽ തിളച്ച്


മറവി ബാധിച്ചോ പ്രകൃതി നിനക്കമ്മേ
ആത്മചൈതന്യം നശിച്ചോ?

വേരറ്റ് പോകുന്ന ഞങ്ങൾക്കെല്ലാമെല്ലാം
മാപ്പ് നൽകൂ ചെയ്ത പാപങ്ങൾക്കെല്ലാം....

# രാത്രിയിലെ വർണ്ണക്കാഴ്ച



ആയിഷ ഫസീഹ
9F



സൂര്യൻ വിട ചൊല്ലിയല്ലോ .....
മാനത്ത് ചന്ദ്രൻ വന്നെത്തിയല്ലോ .....
നക്ഷത്രകുഞ്ഞുങ്ങൾ മാമന് ചുറ്റും
കഥ കേൾക്കുവാനായ് എത്തിയല്ലോ ......
മിന്നാമിനുങ്ങും വെളിച്ചവും പകർന്ന്
രാത്രിയുടെ ദീപം ചാർത്തിയല്ലോ......
കളകളമോതി പുഴകൾ ഇറങ്ങി
പാട്ടുകൾ പാടി കുയിലുകളും
അസർമുല്ല പ്പൂക്കൾ പുഞ്ചിരിയാലേ
തൻ സുഗന്ധം എങ്ങും വീശിയല്ലോ.......
വിശ്വ മോഹനം രാത്രിയിലെ കാഴ്ച
വിശ്വമാം ഭംഗിയാം രാത്രിയിലെ കാഴ്ച
മക്കളെയെല്ലാം പാടിയുറക്കി
സുന്ദരി രാത്രി മിഴിപൂട്ടുന്നു.

# TYPES OF PEOPLE

**Divya P**
English Dept.

1. *GULLIBLE* - One who can be easily cheated.

2. *POLYGLOT* - One who understands many languages.

3. *CALLOUS* - One who has no sympathy.

4. *ATHEIST* - One who does not believe in God.

5. *MISOCAPNIC* - One who hates cigarette smoking.

6. *TEETOTALLER* - One who abstains from alcohol.

7. *CREDULOUS* - One who easily believes.

8. *BIBLIOKLEPT* - One who steals books.

9. *FASTIDIOUS* - One who is difficult to please.

10. *SOMNAMBULIST* - One who walks in his sleep.

11. *INDUSTRIOUS* - One who is a hard working person.

12. *SOMNILOQUIST* - One who talks in his sleep.

13. *FEMINIST* -One who wishes to offer equal oppurtunity for men and women.

14. *FUGITIVE* - One who runs away from law.

15. *DIPSOMANIAC* - One who has an irresistable desire for alcoholic drinks.



# BEAT AIR POLLUTION

**Uthara** 9C

**O**ur environment is getting polluted day by day by harmful materials.This air causes health problems and may lead to death.This issues should be solved by our efforts . We should also make awareness among students regarding this issue.

The World Health Organisation says about 20.6 millions people died due to enivironmental pollution in 2012.These people died by diseases like cancer and various respiratory disorders. So, we should think about finding solutions for this issue.

I think,the most basic solution for air pollution is to move away from fossil fuels,replacing them with solar,wind and geothermal energies.This environment is unhealthy because of our own activities. The industries and transport system expel carbon,methane and other pollutants that penetrate deep into our lungs.We dump waste materials into lakes and rivers ,also we dump millions of tonnes of plastics into oceans every year.The amount of waste genarated is almost doubled every year and this will be continued unless we take any step to stop creating waste. We should change our attitudes towards our nature.

**Earth is the only planet having the favourable environment for life! So save it.**

**Never let your greed overcome with green..**

**Respect nature and save the environment...**

# ബാല്യം

എന്റെ ബാല്യം

അക്ഷയ വി.എം 11A

സന്തോഷമലതല്ലം നല്ലകാലം
കളിനിറഞ്ഞ മധുരകാലം
മൊഴിനിറയും നല്ലകാലം
ചിത്രശലഭമായ്,
വെൺപറവയായ് ചിറകുവിടർത്തി

പാറിപ്പറന്ന സ്വതന്ത്രകാലം
ഒഴുകിവരും കൊച്ചരുവിതൻ കാതിൽ
കഥ പറഞ്ഞും കളി പറഞ്ഞും
ഇന്നെൻ ഓർമതൻ ഉവലിൽ
കൊച്ചു പൂവുപോൽ വിടരുന്ന
ആ സുന്ദര സ്വപ്ന ബാല്യം.



## MISTAKE

Sukritha C2

If a tailor makes a mistake, it will be a new fashion.
If a barber makes a mistake, it will be a new style.
If a painter makes a mistake, it will be a new art.

If a cook makes a mistake, it will be a new dish.
If a dancer makes a mistake, it will be a new step.
If a musician makes a mistake, it will be a new tune.

If a teacher makes a mistake, it will be a new subject.
If a student makes a mistake, it will remain as a mistake.

## UMBRELLA

*We sail from one land to other*
*We use to see the terrible nature*
*The trembling sea, the giant waves*
*Emerging with death on its mouth.*
*The only pretty sight we watch is*
*The twinkling stars at the dark sky,*
*The shining sun with the blue sky*
*Atlast when the waves lurks with death*
*Then, we refugees only own a thing*
*Abig umbrella! The sky*

Fathima Safoora
**$S_1$**

## DREAMS

In the midnight
Dreams are away from me
'Oh' dreams please come to me
To fill my heart the wondering of world

In this night I hear the murmering
Something moving beside me
And I can see shadows
Moving in the windows

My mind asking to shadows with a
Soundless voice, "who are you"
'Oh' dreams please come to me
To avoid the fears of night.

Fathima Sheri P P
+2 Commerce

## സൗഹൃദം



ജിനിത 9F

പിരിയുന്ന മനസ്സുകളാണ് സൗഹൃദം
കരയുന്ന മിഴികളാണ് സൗഹൃദം
സന്തോഷത്തിൻെറ പൂക്കളാണ് സൗഹൃദം
സങ്കടത്തിൻെറ പൂമൊട്ടുകളാണ്മ സൗഹൃദം
സത്യത്തിൻെറ നേർവഴിയാണ് സൗഹൃദം
കള്ളത്തരത്തിൻെറ ഇടവഴിയാണ് സൗഹൃദം
എഴുതുന്ന പേനയാണ് സൗഹൃദം
മറയുന്ന പേജുകളാണ് സൗഹൃദം
ഒരിക്കലും മായാത്ത മറക്കാത്ത
പുഞ്ചിരികളാണ് സൗഹൃദം



## പള്ളിക്കൂടത്തിൻമുറ്റത്ത്

*Niyas*

പള്ളിക്കൂടത്തിൽ പോയ കാലം
കളിച്ചും പഠിച്ചും നടന്ന കാലം
പള്ളിക്കൂടത്തിൻമുറ്റത്ത് ഓടിക്കളിച്ച് രസിച്ച കാലം
നേരിയ കൊച്ചു കുറുമ്പുകാട്ടി കൂട്ടുകാരോടൊത്തുനടന്ന കാലം
മായില്ലെൻ മനസ്സിൽ നിന്നുമെൻപള്ളിക്കൂടം.

# മഴയുടെ നൊമ്പരം



ശ്രദ്ധ ടി.എം
10F

എനിക്കൊരു ഹൃദയം ഉണ്ടായിരുന്നെങ്കിൽ
ഞാൻ കരകവിഞ്ഞൊഴുകില്ലായിരുന്നു
പക്ഷേ മണലൂറ്റിയൂറ്റി ഒടുവിൽ നീ
ഹൃദയത്തിലെ അവസാന തുള്ളി രക്തവും......
പുഴയുടെ നൊമ്പരം
എനിക്ക് കേൾവിയുണ്ടായിരുന്നെങ്കിൽ
താഴ്‌വരയുടെ അനുരാഗഗാനം
ഞാൻ കേൾക്കുമായിരുന്നു.....
പക്ഷേ, പ്ലാസ്റ്റിക് കയറി
അടഞ്ഞിരിക്കുന്നു എന്റെഇരുചെവികളും.....
കുന്നിന്റെ നൊമ്പരം
എനിക്ക് കാഴ്ചയുണ്ടായിരുന്നെങ്കിൽ
മായില്ലെൻ മനസ്സിൽ നിന്നും പള്ളിക്കൂടം
ഞാൻ നിന്റെ ചെറുക്കുടിയിലേക്ക്
കടപുഴകി വീഴില്ലായിരുന്നു
പക്ഷേ നിന്റെ കൈകൾ
തുരന്നെടുത്ത പൊടിപടലങ്ങൾ കയറി
എനിക്ക് തിമിരം പിടിച്ചിരിക്കുന്നു.
മരത്തിന്റെ നൊമ്പരം
ശ്വസിക്കാനൊരൽപ്പം പ്രാണവായു
ഉണ്ടായിരുന്നെങ്കിൽ ഞാൻ നിന്റെ
വഴികളിലേക്ക് ആഞ്ഞടിക്കില്ലായിരുന്നു
പക്ഷേ വിണ്ണിന്റെ ചക്രവാളങ്ങൾ
മുഴുവൻ വിഷവാതകങ്ങൾ നിറഞ്ഞിരിക്കുന്നു
പോകാൻനൊരിടമുണ്ടായിരുന്നെങ്കിൽ
ഞാൻ നിന്റെ നൊമ്പരങ്ങളിലേക്ക്
പെയ്തൊഴിയില്ലായിരുന്നു.




Little Kites
DIGITAL POOKKALAM



## ഗുരുകടാക്ഷം

**ദിൽഷ 10F**

പഠനത്തിൽപിന്നോക്കം ആയിരുന്ന വിഷ്ണു ക്ലാസിലെ പിൻബഞ്ചുകാരൻ അദ്ധ്യാപകരുടെ മുൻപിൽ മോശക്കാരൻ. ഒരുദിവസം അവൻ എന്റെ അടുത്ത് വന്നു ചോദിച്ചു. "ടീച്ചർ കുറച്ചു പൈസ കടം തരുമോ, രണ്ടുദിവസത്തിനുള്ളിൽ തിരിച്ചു തന്നേക്കാം". എന്തിനാ എന്നു പോലും ചോദിക്കാതെ ഞാനവന് പൈസ നൽകി. അടുത്ത രണ്ടു ദിവസം ആയിട്ടും വിഷ്ണുവിനെ ക്ലാസിലേക്ക് കണ്ടില്ല. അവന്റെ തൊട്ടടുത്തിരിക്കുന്ന കുട്ടികളോട് വിഷ്ണു എവിടെയാണ്, അവൻ എന്താ ക്ലാസിലേക്ക് വരാത്തത് എന്ന് ഞാൻ തിരക്കി. അപ്പോൾ ഒരു കുട്ടി എന്നോട് പറഞ്ഞു, "ടീച്ചറുടെ കയ്യിൽ നിന്നും അവൻ കുറച്ചു പൈസ വാങ്ങിയില്ലേ, അതും കൊണ്ട് മുങ്ങി കാണും, ഇനി അവനെ മഷിയിട്ട് നോക്കിയാലും കിട്ടില്ല ". അതുകേട്ട് എനിക്ക് അവനോട് അമർഷം തോന്നിയില്ല. അവനെന്തോ ആവശ്യത്തിനാണ് പൈസ വാങ്ങിയത് എന്ന് ചിന്തിച്ചു. എങ്ങനെയെങ്കിലും അവനെ കണ്ടേ മതിയാവൂ അടുത്ത ദിവസം ഞാൻ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്ന വഴി ജിഷ്ണുവിനെ കാണാനിടയായി. അന്നേരം അവൻ ചുമട്ടു പണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു എന്നെ കണ്ടതും അവൻ എന്റെ അടുത്തേ - ക്ക് ഓടി വന്നു. ഞാൻ അവനോട് കാര്യങ്ങൾ ചോദിച്ചറിയു മുൻപേ അവൻ എന്നോട് പറ ഞ്ഞു "ക്ഷമിക്കണം ടീച്ചറെ, പറഞ്ഞ ദിവസത്തിന് പൈസ തിരിച്ചേൽപ്പിക്കാൻ ആയില്ല .ഈ ജോലി കൂടി കഴിഞ്ഞ്, ഇതിൽ നിന്നും കിട്ടുന്ന പൈസ ഞാൻ ടീച്ചർക്ക് നൽകാം". "നീ എന്തിനാണ് എന്റെ കയ്യിൽ നിന്നും പൈസ വാങ്ങിയത്""? "അത് പിന്നെ, അമ്മക്ക് തീരെ വയ്യായിരുന്നു. നാലു വർഷമായി തളർന്നു കിടക്കുകയായിരുന്നു പെട്ടെന്ന് അസുഖം കൂടിയത് കിട്ടുമെന്ന പ്രതീക്ഷ ഒന്നും ഉണ്ടായിരുന്നില്ല എന്നാലും ആ കിടപ്പ് കണ്ടപ്പോൾ സഹിച്ചില്ല. എന്റെ അച്ഛൻ എനിക്ക് രണ്ടു വയസ്സ് തികയുന്നതിനു മുൻപേ ഞങ്ങളെ വിട്ടു പോയി. പിന്നെ എന്നെ ഇത്രയും വളർത്തി വലുതാക്കിയത് അമ്മയാണ് . പണം ചോദി ക്കാൻ എനിക്കിനി ആരുമില്ല .അത് കൊണ്ടാണ് ടീച്ചറോട് ചോദിച്ചത്"."മോന്റെ അമ്മ ഇപ്പോൾ എവിടെയാ "?"അമ്മ എന്നെ വിട്ടുപോയി, അങ്ങ് ദൂരേക്ക്. അപ്പോൾ അവന്റെ തൊണ്ടയിടറി. ഒന്നും പറയാതെ ഞാൻ തിരിഞ്ഞുനടന്നു അടുത്ത ദിവസം ഞാൻ അവന്റെ വീട്ടിലേക്ക് പോയി. ഓല മേഞ്ഞ ചെറിയ ഒരു വീട്. ഒരാൾക്ക് പോലും കഷ്ടിച്ച് പെരു -

മാറാൻ പറ്റാത്ത ഒരു ഓല വീട്. അവനപ്പോൾ ഒരു ഹോട്ടലിൽ പണിയെടുക്കാൻ പോയിരുന്നു. വീട്ടിലേക്ക് വന്നപ്പോൾ അവൻ കണ്ടത് എന്നെയാണ്. "ആ ടീച്ചറോ "? "എപ്പോഴാ വന്നത്"? "ഇരിക്കു ടീച്ചറെ". "മോനെ ജിഷ്ണു ,ഞാൻ നിന്നെ കാണാൻ വന്നതാ ,ഒരു കാര്യം പറയാൻ". "എന്താ ടീച്ചറെ കാര്യം"?. "നീ എന്റെ കയ്യിൽ നിന്നും വാങ്ങിയ പൈസ എനിക്ക് നൽകേണ്ട നിന്റെ ഇനിയുള്ള പഠനച്ചെലവ് ഞാൻ വഹിച്ചോളാം". ടീച്ചറമ്മേ വളരെ നന്ദിയുണ്ട് നന്ദി."നിന്റെ കൂടെ ഇനി ഞാൻ ഉണ്ട് മോനെ, നിന്റെ അമ്മയായും സുഹൃത്തായും അധ്യാപികയായും".ടീച്ചറമ്മയോട് എങ്ങിനെ നന്ദിപറയണമെന്ന് എനിക്ക് അറിയില്ല". ടീച്ചറമ്മേ എന്ന അവന്റെ വിളിയിൽ എനിക്ക് ലാളിത്യവും വാത്സല്യവും അനുഭവപ്പെട്ടു. സന്തോഷം കൊണ്ട് അവന്റെ കണ്ണു നിറഞ്ഞൊഴുകി. അങ്ങനെ അവൻ നന്നായി പഠിക്കാൻ തുടങ്ങി. അവനെന്റെ പ്രിയ ശിഷ്യനായി. ഒരു ദിവസം ഞാൻ അവനോട് പറഞ്ഞു,"മോനെ ജിഷ്ണു, ജോലിക്കാര്യത്തിനായി ഞാനും എന്റെ ഭർത്താവും മക്കളും വിദേശത്തേയ്ക്ക് പോവുകയാണ്. ഞാൻ വരുന്നില്ല എന്ന് ശാഠ്യം പിടിച്ചതാ ..പക്ഷേ പോകാതിരിക്കാൻ പറ്റില്ല.നീ നന്നായി പഠിക്കണം മിടുക്കനാവണം. നല്ല നിലയിൽ എത്തണം. ഇത് കുറച്ച് പൈസയാണ് കൈയിൽ വച്ചോളൂ"."അപ്പോൾ ടീച്ചറമ്മയും എന്നെ വിട്ടു പോവുകയാണല്ലേ"? "മോനെ ഞാനെന്നും നിൻറെ കൂടെ തന്നെ ഉണ്ട്". ഞാനും ഭർത്താവും മക്കളും വിദേശത്തേക്ക് പോയി. മക്കൾ പഠിച്ചു നല്ല നിലയിലെത്തി. എന്റെ ഭർത്താവ് മരിച്ചു .മക്കൾക്ക് ഞാൻ ഒരു ഭാരമായി മാറി .അവരെന്നെ നാട്ടിലെ ഒരു വൃദ്ധസദനത്തിൽ ഉപേക്ഷിച്ചു. ഇത്രയും നാൾ ഞാൻ നോക്കി വളർത്തിയ മക്കൾക്ക് എന്നെ വേണ്ട എന്ന ചിന്ത എന്റെ മനസ്സിനെ വല്ലാതെ മുറിവേൽപ്പിച്ചു. ഒരു ദിവസം എന്റെ അടുത്തുവന്ന് അവിടത്തെ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു,"കല്യാണിയമ്മയെ കാണാൻ ഒരാൾ വന്നിരിക്കുന്നു". ഞാൻ അയാളുടെ അടുത്തേക്ക് ചെന്നപ്പോൾ തന്നെ അയാൾ ഓടി വന്ന് എന്നെ സ്നേഹത്തോടെ വിളിച്ചു. "ടീച്ചറമ്മേ....... ഞാൻ ടീച്ചറമ്മയുടെ ജിഷ്ണുവാ... ടീച്ചറമ്മയെ തിരക്കാത്ത സ്ഥലങ്ങളില്ല. ടീച്ചറമ്മ വാ നമുക്ക് പോവാം ടീച്ചറമ്മയെ കൂട്ടിക്കൊണ്ടുപോകാൻ വന്നതാ ഞാൻ. എന്റെ ഭാര്യയും മക്കളും ടീച്ചറമ്മയെ കാണാൻ വീട്ടിൽ കാത്തിരിക്കുന്നുണ്ട്. ഞാനിപ്പോൾ ഡോക്ടർ വിഷ്ണുവാ. ടീച്ചറമ്മയുടെ ഗുരുകടാക്ഷം കൊണ്ടാണ് ഞാൻ ഇന്നീ നിലയിലെത്തിയത്". സന്തോഷത്താൽ എന്റെ കണ്ണുനിറഞ്ഞുപോയി. ഇത് ജീവിതമോ കഥയോ എന്ന് ഞാൻ സംശയിച്ചു.

# ART GALLERY



# THE TEARS OF A BEST FRIEND




**AISWARYA.R**
9 A

**I**twas a holiday and I was about to do my homework for the next day.There were many home works,especially in English and Maths.Suddenly I heard the noise of some men speaking outside.Among them one was my father.

I recogonised it.When I peeped in to the drawing room,I saw my mother going out with cups of coffee in a tea tray. My little brother Kannan was too going after her. Me too went to know what was happening. There were many tools for chopping. I scared that mine and Kannan's favourite mango tree was going to be cut because I heard about it from my father.That's equally to killing both of us.From my littile age we played and enjoyed on and under the mango tree.We have a beautiful swing lying to the shadow of the mango trees.Birds made nest on it's branches and they feed themselves in summer with the juicy mangoes. I like to eat raw mangoes.But my Kannan is very fond of ripe mangoes we used to spend

our time under the mango tree with birds and butterflies till late evening after coming from the school.We used to do our homeworks and to have our evening tea under our mango tree.Climbing on its branches and watching the busy city was really fun. Now,it's all going away from us and that all will never come back again.Killing our mango tree is likekilling us .The mango tree was always our best friend.

Now the men had started to work.Kannan and me cried a lot. My father is also too sad because he also have beautiful memories about this mango tree.This tree was planted by his father,my grand father.Still me and Kannan is crying and our father consoling us.He decided to cut the tree because the neighbour uncle taunted him saying that our mango tree is a threat to their home.The labourers are working hardly. The roaring sound of the cutting machine is irritating me a lot too..oh.. my god! The stem of the mango tree had been cut. The leaves and juicy mangoes falling in courtyard is crying. None ,saw the tears of the mango tree but we saw.

In the evening the labourers went.But their work was not completed. They will come tommorrow for making it as fire wood.We hadn't eaten anything till noon.Mother called us for the dinner. But we can't.We cried a lot. Our minds utterly disturbed.Seeing our extreme sadness,father came to call us for dinner.When we saw father we hugged him and tears rolled around our cheeks. He was also too sad. But to console us,he promised us that he would buy a small mango tree tomorow. We became very happy. No one can replace our old mango tree .This new mango tree will be a relief. We will water it everyday... we will watch and observe each leaf blooming......study with the values from it.....


*"Trees are our life."*

# ദാഹജലം



**നന്ദന 10D**

ഒരിക്കൽ ഞാനീ മൺകുന്നയുടെ
അടിവാരത്തു കൂടി ഒഴുകി
അന്നു ഞാൻ ഈ നാടിന്റെ
ദാഹത്തിൽ വഴിക്കാട്ടിയായി.
ഇന്ന് ഞാൻ വറ്റിവരണ്ടോരു
നീരുറവയായ് മാറി.
അന്ന് സമൃതിയുടെ പച്ചപ്പിന്റെ
കാലം എന്നെ നുകരാൻ
ആയിരങ്ങൾ വരിനിൽക്കും
ഇന്നെന്നെ ഓർക്കാൻ ആരുമില്ല
നാളെണ്ണി ഞാൻ ജീവിതം
തീർക്കുന്നു, അന്നെന്റെ
മാറിൻ ചാഞ്ഞുറങ്ങിയവർ
ഇന്ന് മണ്ണിനടിയിൽ മറയുന്നു.



**മരം ഒരു വരം**


ELECTION
AWARENESS CLASSES

# നിറങ്ങളിലൂടെ....



ലദീദ 10F

"ഇന്ന് നിൻെറ കണ്ണീർ തുള്ളികളിൽ ഞാൻ കാണുന്നുണ്ട് എന്നെ ഇന്ന്നിൻെറ മുന്നിലെത്തിച്ച ആ പല നിറങ്ങളാർന്ന കഥാപാത്രങ്ങൾ". അർത്ഥം മനസ്സിലായില്ല എന്നത് അവളുടെ കണ്ണുകളിൽ നിന്ന് എനിക്ക് വായിക്കാമായിരുന്നു. പക്ഷേ ആ നിറ കഥാപാത്രങ്ങൾ ആരൊക്കെയാണ് അവൾ അറിയണം .ജീവിതം എന്ന ഒരു ദുർഘടമായ പാതയെ മറികടക്കണം എങ്കിൽ അവൾ എന്നല്ല ഓരോ പെൺകുട്ടിയും അറിയണം ജീവിതത്തിൽ സ്നേഹിക്കാനും സഹായിക്കാനും ശകാരിക്കാനും വരുന്ന ഓരോരുത്തരുടെയും ഉള്ളിൽ മൂടിക്കിടന്ന ആ വ്യത്യസ്തങ്ങളാർന്ന നിറങ്ങൾ .നല്ല നിറങ്ങളെ ഒപ്പം ചേർക്കാനും ദുഷിച്ച നിറങ്ങളെ അതിജീവിക്കാനും ഞാൻ പഠിച്ചതുപോലെ ഓരോ പെൺകുട്ടിയും പഠിക്കണം. കാണാൻ പഠിക്കണം ഓരോരുത്തരും ധരിച്ച നടക്കുന്ന മുഖംമൂടികൾ. കരഞ്ഞു തളർന്ന അവളുടെ ക്ഷീണിച്ച മിഴികൾ എന്നെ എന്തിനോ വിളിക്കുന്നതുപോലെ എനിക്ക് തോന്നി. അവളുടെ കരങ്ങളിൽ ഒന്ന സൗമ്യമായി തലോടി ഞാൻ പറഞ്ഞു ,"കണ്ണുനീർ തുടക്കു, നിന്നെക്കാൾ ഒരുപാട് കരഞ്ഞവൾ ആണ് ഞാൻ. നീ എന്റെ കഥ കേൾക്കു എന്നിട്ട് പറ നിൻെറ കണ്ണുനീരിന് അർത്ഥമുണ്ടോ എന്ന് "കഥ ആരംഭിക്കുന്നതിന് മുമ്പ് ഞാൻ അവളോട് ഒന്ന് ചേർന്നിരുന്നു.എന്തോ എനിക്ക് എപ്പോൾ അങ്ങനെ തോന്നി.

"നിന്നെപ്പോലൊരു വിദ്യാർഥിനിയായിരുന്നു അന്ന് ഞാൻ . ചില വ്യത്യാസങ്ങൾ മാത്രം.. എന്റെ സ്കൂൾ എൻെറ വീടിനോട് ചേർന്നായിരുന്നു. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഒരു സാധാരണ സ്കൂൾ .ഒരു നിത്യ ചക്രം എന്നതുപോലെ എന്റെ ജീവിതവും കറങ്ങി കൊണ്ടിരുന്നു. അച്ഛനും അമ്മയും ഞാൻ ഒരൊറ്റ മകളുമാണ് വീട്ടിൽ. ഒറ്റമകൾ എന്നത് ഗുണം ,അത് വേറെ തന്നെ. ആ താഴ്ന്ന സാമ്പത്തിക സ്ഥിതിയിലും വളരെ ഉയർന്നതായിരുന്നു എന്റെ ജീവിതം. അച്ഛനോട് ആയിരുന്നു എനിക്കു പ്രിയം കാരണം എന്റെ വാശിത്തരങ്ങൾക്കെല്ലാം അച്ഛൻ ആയിരുന്നു കൂട്ട്. ഓട്ടോഡ്രൈവറായ അച്ഛൻ

രാവിലെ പോയാൽ രാത്രിയാണ് കയറിവരുന്നത്. ഞാനും രാവിലെ പോയാൽ എല്ലാ കളിയും കഴിഞ്ഞ് വൈകിയാണ് വരാറ്. ദിവസങ്ങൾ അതിക്രമിക്കുകന്നു. ആ പെൺകുട്ടി എന്നതിൽ നിന്നു ഞാൻ കയറി കൊണ്ടിരിക്കുന്നു. ഞാൻ ഏറെ വ്യത്യസ്തമായി എന്തിലും എൻെറ കുറുമ്പും കുട്ടിത്തവും അച്ഛന്റെ ഒപ്പം സജീവം. അമ്മയുടെ കരുതൽ കൊണ്ടാകാം ,അമ്മ എന്നെ ഇതിൽനിന്നെല്ലാം ഒരു ചെറിയ കെട്ടിൽ ആക്കി. എന്തുകൊണ്ടെന്നറിയില്ല അറിയാതെ ഞാനും എന്റെ അമ്മയും തമ്മിൽഒരു അകൽച്ചഉണ്ടായി.ഒരു പെൺകുട്ടിയല്ലേ ഞാൻ ഇത്എനിക്ക്ഏറെ ബുദ്ധിമുട്ടായിരുന്നു.എങ്കിൽപോലുംഅമ്മയുടെ കുറവ്നികത്താൻ വരെ എനിക്ക് അച്ഛൻ ഉണ്ടായിരുന്നു. ദിവസത്തിന്റെ കടന്നുകയറ്റം അച്ഛനും അമ്മയ്ക്കു മിടയിൽ ഞാൻ ഒരു വലിയ അകൽച്ച കണ്ടു. ഓരോ നിമിഷവും അമ്മയുടെ ആ കണ്ണുകളിൽ ഞാൻ കണ്ടു, ഞാൻ വെറുത്തിട്ടും എന്നെ ചേർത്തു നിർത്താൻ ശ്രമിക്കുന്നതും അച്ഛനോടുള്ള വെറുപ്പും വിദ്വേഷവും.

അച്ഛൻ, അച്ഛനാണെങ്കിൽ പോലും ഞാനും ഒരു അകൽച്ച പാലിച്ചു. തീർത്തും ഒറ്റപ്പെട്ട പോലെ ആയി ജീവിതം. അച്ഛനെ മനസ്സിലാക്കാൻ എനിക്ക് ഒരുപാടുകാലം വേണ്ടി വന്നു. എന്റെ തീവ്ര സ്നേഹം അതിനെല്ലാം മറച്ചു കെട്ടി.ഈ ദിവസങ്ങൾക്കിടയിൽ ഒരു കാര്യം നടന്നിരുന്നു. ഒരു മകൾ എന്നത് മറന്ന് പലപ്പോഴും എൻെറ ശരീര സൗന്ദര്യം അച്ഛൻ അല്ല, അയാൾ ആ കറുത്ത മിഴികളാൽ ആനന്ദിച്ചു അടക്കാൻ പറ്റാത്ത ആ വിദ്വേഷം എന്നിൽ പലപ്പോഴായി അയാൾ തീർത്തു. ഇതിൽ നിന്നെല്ലാം അതിജീവിക്കാനായി ഞാൻ ഒരാളോട് സഹായം അഭ്യർത്ഥിച്ചു. മരണം എന്നെ സ്നേഹിക്കുന്നവരുടെ പ്രാർത്ഥന കൊണ്ടോ എൻറെ വിധി കൊണ്ടോ എൻെറശ്രമങ്ങൾ പലപ്പോഴായി പാഴായി. ജീവിതം എന്നെ നാനാഭാഗത്ത് നിന്ന് വലിച്ചു മുറുക്കുമ്പോൾ എനിക്ക് തോന്നി എന്തിനാണ് ഞാൻ മൗനംപാലിക്കുന്നത്.ഉയർത്തേണ്ടെ എൻെറ ശബ്ദം ഉയരേണ്ടെ എന്റെ ശബ്ദം....

ഞാൻ അനുഭവിച്ചത് ഇനി ഒരു പെൺകുട്ടിയും ഈ സമൂഹത്തിൽ അനുഭവിച്ചു കൂടാ. ഒരുപാട് ദിവസങ്ങൾക്കുശേഷം എൻെറ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി വിരിഞ്ഞു. അതിജീവനത്തിൻെറ നാളുകളായിരുന്നു" പിന്നീട് ബാക്കി എന്ന വിശദീകരണത്തിനു മുമ്പ് ആ പെൺകുട്ടിയുടെ തലയിൽ ഒന്നു തലോടി ഞാൻ ചോദിച്ചു. "അവിടെനിന്ന് ഞാൻ ഇവിടെ എത്തിയില്ലേ, വെറുതെയല്ല ഒരുപാട് നല്ല നിറങ്ങളുടെ കൈത്താങ്ങ് കൊണ്ടാണ് എന്തുകൊണ്ടും നീ എന്നെക്കാൾ ഭാഗ്യവതിയാണ് സ്നേഹം എന്ന മൂന്നക്ഷരം ചതി എന്ന

രണ്ട് അക്ഷരത്തെ മറച്ച് നിർത്തി. എന്നാൽ നിനക്ക് അതിന്റെ ആവശ്യകത ഉണ്ടായില്ല നീ അറിഞ്ഞില്ലേ നിന്റെ ജീവിതം തകർക്കാൻ എത്തിയ ആ കറുത്ത നിറത്തെ. ഇനി നിൻെറ ജീവിതം നിൻെറ കൈകളിൽ തന്നെയാണ്. നിനക്ക് തീരുമാനിക്കാം നിൻെറ ശബ്ദം ഈ നാലു ചുവരുകൾ മാത്രം അറിഞ്ഞാൽ മതിയോ, അതോ ഈ അവസ്ഥ മറ്റാർക്കും വരാതിരിക്കാൻ എല്ലാവരും അറിയണോ?" എനിക്ക് ഇവിടെ എത്താൻ അധ്യാപകരായും വിദ്യാർഥികൾ ആയും ഒത്തിരി പേരുടെ സഹകരണവും സഹായവും ഉണ്ടായിരുന്നു.



## ദശപുഷ്പങ്ങൾ

ശ്രീപ്രസാദ് 9B

പത്ത് കേരളീയ നാട്ടുചെടികൾ ആണ് ദശപുഷ്പങ്ങൾ എന്നറിയപ്പെടുന്നത്. പൂക്കളെന്നാണ് അറിയപ്പെടുന്നതെങ്കിലും ഇവയിൽ ഇലകൾക്കാണ പ്രാധാന്യം.ഈ പത്ത് ചെടികൾക്കും നാട്ടുവൈദ്യത്തിലും ആയുർവേദ ചികിത്സയിലും വളരെയധികം പ്രാധാന്യമുണ്ട്.വിഷ്ണുകാന്തി,കറുക,മുയൽ ചെവിയൻ, തിരുതാളി, ചെറൂള, നിലപ്പന,പൂവാംകുറുന്തൽ, മുക്കുറ്റി, ഉഴിഞ്ഞ എന്നിവയാണ് ദശപുഷ്പങ്ങൾ. മുമ്പ് ഓണ പൂക്കളങ്ങളിൽ തുമ്പ കഴിഞ്ഞാൽ രണ്ടാം സ്ഥാനം മുക്കുറ്റിക്കായിരുന്നു.



ആഗോളതാപനം മരമാണ് മറുപടി

# ബലിച്ചോറ്

ശ്രദ്ധ ടി.എം 10F

**അ**ന്ന് എല്ലാത്തിനും നല്ല വിശപ്പ് ആയിരുന്നു. മഴമേഘങ്ങൾ വിശന്ന് കരയുകയാണ്. താഴ്വരകളിൽ നിന്നും മണ്ണും പാറക്കഷണങ്ങളും ആഹാരം തേടി ഇറങ്ങിയിരിക്കുന്നു .പുഴക്ക് അന്നം നൽകിയ മണൽ ഇപ്പോൾ പുഴകൾ ആഹാരം തേടി ഇറങ്ങിയിരിക്കുന്നു. വീട്ടുകൾക്കുള്ളിൽ ആണ് തനിക്കായി ആഹാരം നൽകിയ േവരുകൾ ഇല്ലാതായപ്പോൾ മരങ്ങൾ വിശന്ന് കടപുഴകി വീണു തുടങ്ങി ഒരു കാലത്ത് മനുഷ്യന് വളരെ വിശപ്പായിരുന്നു. അവൻ വിശപ്പകറ്റാൻ പ്രകൃതിയെ കാർന്നു തിന്നു. ഇപ്പോൾ പ്രകൃതിക്ക് വിശന്നു തുടങ്ങിയിരിക്കുന്നു.

അയാളുടെ കണ്ണുകൾ എന്തൊക്കെയോ പറയുകയാണ്. മഴ അയാളുടെ മനസ്സിലേ ക്ക്പെയ്തിറങ്ങി.മണ്ണിനടിയിൽ ആണല്ലോ ഈശ്വരാ എന്റെ വേരുകൾ ........ വെള്ളക്കെട്ടുക ളും പാറക്കഷണങ്ങളും ഇടയിലൂടെ അയാൾ ഓർമ്മകൾ ഉരുവിട്ടു. ഉച്ചയ്ക്ക് ഊണ്കാലത്ത് ഒന്നു രണ്ടുപേർ വന്ന് ജാഗ്രതാനിർദേശം നൽകി.

' വടക്കേ മല ഇടിയാൻ സാധ്യതയുണ്ട് വീട് മാറണം'. എന്നാൽ പെയ്ത മഴക്ക് ഒപ്പം ഞാനത് മറന്നു.അന്നവഘിയായതിനാൽ അമ്മുവും കുട്ടനും മലയിൽ നിന്നു വന്ന നീർച്ചോലയിൽ കളിക്കുകയാണ്. ആ ചോല എന്തെല്ലാമോ പറയുന്നുണ്ടായിരുന്നു. പലതിനെയും വിഴുങ്ങാനുള്ള വിശപ്പോടെ.... വൈകുന്നേരത്തോടെ ആളുകളെത്തി അടിയന്തരമായി എല്ലാവരോടും ഒഴിയാൻ പറഞ്ഞു. ഞാൻ ധൃതിയിൽ ഒരു ലോറി വിളിച്ചു. അമ്മ കോലായിൽ ഇരുന്ന് പിറുപിറുക്കുകയാണ്. "വടക്കേ മല പണ്ട് എങ്ങനെയായിരുന്നു. മരങ്ങളും മൃഗങ്ങളും പൂക്കളുമായി......... കളകുജനങ്ങളും മരങ്ങളുലയുന്ന ശബ്ദവുമായിരുന്നു വടക്കേ മല.. ഇപ്പോൾ കാതോർത്താൽ കേൾക്കുന്നത് മണ്ണ് തുരക്കുന്ന യന്ത്രങ്ങളുടെ ശബ്ദം മാത്രം".

ലോറി എത്തി. അമ്മു ഉച്ചത്തെ ചോറ് കാക്കകൾക്കായി മരച്ചുവട്ടിൽ വെക്കുന്ന തിരക്കിലായിരുന്നു. സുമയുടെ ശകാരം കേട്ട് വേഗം അവൾ ലോറിയിൽ കയറി. ഒപ്പം കുട്ടനും സുമയും അവരോടൊപ്പം കയറി കിട്ടാവുന്ന ഒക്കെ കയ്യിലെടുത്ത് ..ഒരു മാസം മുമ്പ് വാങ്ങിയ എൽ.ഇഡി .ടി.വി വേഗം ലോറിയിൽ കയറ്റി മനസ്സിൽ ഒരു സമാധാനം.... വിലപ്പെട്ടതെല്ലാം കയ്യിലുണ്ട്. ലോറിപുറപ്പെട്ടു. ക്യാമ്പിൽ ഞാൻ എത്തും മുമ്പേ ചിലച്ചു. വടക്കേ മലയിടിഞ്ഞു. നിന്റെ വീട് '........ ' അയ്യോ........... അമ്മേ'..... എന്റെ വീട്.......

വേരുകൾ നഷ്ടപ്പെട്ട ആയാൾ എന്തിനോ വേണ്ടി പഴരതുകയാണിപ്പോൾ. എന്റെ അമ്മേ വിലപ്പെട്ടതെല്ലാം വണ്ടിയിൽ കയറ്റി എന്ന് അഹങ്കരിച്ചപ്പോൾ'. അപ്പോൾ തകർന്ന കൂട്ടിലെ കുഞ്ഞിനെ രക്ഷിക്കാൻ വെമ്പുന്ന ഒരു തള്ള കിളിയെ അയാൾ കണ്ടു. അയാൾക്ക് ചിതലരിച്ച പോയ പൊക്കിൾക്കൊടിയുടെ വാത്സല്യം ഓർമ്മ വന്നു. അമ്മു കാക്കക്കായി മാറ്റിവെച്ച ചോറ് അവിടെ ചിതറിക്കിടക്കുന്നു. വിദൂരതയിൽ കാക്കകൾ കരയുന്നുണ്ട്.. ആർക്കും വേണ്ടാതെ ആ ചോറ് അവിടെ ചിതറിക്കിടന്നു. പ്രകൃതിയുടെ വിശപ്പ് അപ്പോഴും അടങ്ങിയിട്ടില്ല. അയാൾക്കും വിശക്കുന്നുണ്ട്. ചോറിന് വേണ്ടിയല്ല. കിട്ടില്ലെന്ന് ഉറപ്പുള്ള എന്തിനോ വേണ്ടി..വേരുകളില്ലാത്ത മനസ്സുമായി അയാൾ അതിജീവനത്തിനു വേണ്ടി മണ്ണിലേക്ക് കണ്ണ് നട്ടു.



## നിള

സ്വാതി വി ടി 10F

മേഘമാലകൾ മേയുന്ന കിഴക്കൻ മേട്ടുകളിൽ നിന്നും താഴ്വരകളുടെ കണ്ണാന്തളി പൂക്കൾ ചൂടി ഒഴുകിയെത്തുന്ന നിള ഫലഭൂയിഷ്ടമാണ്. കേരളത്തിലെതന്നെ രണ്ടാമത് വലിയ നദിയായ നിള എന്ന ഓമനപ്പേരുള്ള ഭാരതപ്പുഴ തവനൂർ പഞ്ചായത്തിൻെറ വടക്കുകിഴക്കേ അതിരു മുതൽ പടിഞ്ഞാറേ അതിരു വരെ ഒഴുകുന്നു.

**" കണ്ണാടി കാപ്പി ട്ട നിള കുട്ടി**

**പിന്നെയും ഓടുന്നത് കടൽ കന്യക**

**നാവിൽ തേച്ച തരുന്ന കണ്ണീരുപ്പ്**

**നുണയാൻ** " ആണെന്ന് എം ഗോവിന്ദൻ പാടിയിരുന്നു. തമിഴ്നാട്ടിലെ ആനമലയിൽ നിന്നും ഉത്ഭവിക്കുന്ന ഭാരതപ്പുഴ തൃശ്ശൂർ, പാലക്കാട് ജില്ലകളിലൂടെ ഒഴുകി മലപ്പുറം ജില്ലയിലെ തവനൂർ പഞ്ചായത്തിലും വന്നണയുന്നു. അഹിംസയുടെ പ്രതിരൂപമായ മഹാത്മാഗാന്ധിയുടെ ചിതാഭസ്മം നിമജ്ജനം ചെയ്തത് ഭാരതപുഴയിൽ ആണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ അഹിംസയുടെ അമ്പുകൾ വർഷിച്ച ഗാന്ധിയുടെ ഓർമ്മകൾ ഇന്നും നിളയിൽ തത്തിക്കളിക്കുന്നു.


പ്രവേശനോത്സവം


വിജയോത്സവം

# FIGURE OF LOVE

I am not a Keats or Wordsworth
I have no my own words
But I write it for you
Only for you to express my emotions

**Vishnu R**
+1 Science

It was a dark night
A night which was very cold and sweet
She came through the window to my room
Like an angel from the heaven

She wore a white long garment
Which was full of sparkling pearls
I didn’nt know who she was
I didn’t know her language

She was like a part of mystery
Face was full of joy
Oh, She was looking at me
Oh, She was singing and flying

She touched my cheeks
It provided peace to mind
Now I don’t know nothing about her
Only thing I know-she was the figure of love.

## ഓർമ്മകളുടെ ലാളനം

അമൃത
C2

ഈ വിമുഖമാം രാത്രിതൻ തീരത്തു-
നിന്നെന്നെ തഴുകിതലോടുന്ന വെൺകാറ്റേ...
എൻ മനസ്സിന്നനന്തമാം കോണിൽ-
ഞാൻ നിധിപോൽ കാത്തുവെച്ചോരെൻ
മധുരമാം ഓർമ്മകളെ ഇന്നു നീ പുൽകീടവേ...
അറിയാതെ ഇന്നെൻ മനസ്സിൽ വിതുമ്പുന്നു
ആ പഴയ കാലങ്ങൾ തൻ നനവൂറും ഓർമകൾ...
എങ്കിലും ഒന്നുമേ മൊഴിയുവാനാകാതെ
ഏകയായ് നിൽക്കുന്നു ഞാനിന്നീ രാത്രിയിൽ
മനസ്സിൽ നിറയുന്ന നിൻ ധ്വനി-
കളെ മധുരമാം രാഗമായ് മാറ്റവേ
എൻ മനതാരിൽ ഒളിഞ്ഞിരിക്കുന്ന
ഓർമ്മകൾ തൻ നിറച്ചെപ്പ് ഇന്നു-
ഞാൻ ഈ രാവിൽ വീണ്ടെടുക്കവേ...
എൻ മനമാകെ നിറയുന്ന നീ എന്ന
വർണ്ണ ശലഭത്തിൻ തലോടലായ്

എങ്കിലും മറക്കുവാനാകില്ലീ ജന്മം
നീ എന്ന വർണ്ണശലഭത്തിൻ

വർണ്ണങ്ങളാൽ നിറച്ചൊരെൻ
മനസ്സിലെ മധുരമാം ഓർമ്മകളാൽ......

# ജീവിതത്തിലെ വിജയവും പരാജയവും

മിസ്‌രിയ

ജീവിതം ആകുമ്പോൾ വിജയവും പരാജയവും സ്വാഭാവികമാണ്. എന്നാൽ ഇവയെ നേരിടാനുള്ള കരുത്ത് പ്രധാനമാണ്. ജീവിതത്തെ ഒരു പളുങ്കു കൊണ്ട് നിർമ്മിച്ച ഗോവണിയോട് ഉപമിക്കുകയാണെങ്കിൽ അത് വളരെയധികം മൃദുലമാണ്. ജീവിതമാകുന്ന ഈ ഗോവണി ഒരു ആർച്ച് രൂപത്തിലാണ്.ഗോവണി കാണാൻ സുന്ദരവും മൃദുലവും ആണ്. എങ്കിലും അതിൽ നിറയെ ചില്ല കഷണങ്ങളും മുള്ളുകളും ഉണ്ട്. ഓരോ വ്യക്തിയും അവരുടെ ജനനം മുതൽ ഈ ഗോവണി കയറാൻ ആരംഭിക്കുന്നു. ആർച്ച് രൂപത്തിലുള്ള ഈ ഗോവണിയുടെ മുകൾഭാഗത്ത് എത്തുമ്പോഴാണ് ഓരോ മനുഷ്യനും അവൻെറ ലക്ഷ്യം നേടുന്നത്. എന്നാൽ അത് വരെ ഗോവണി കയറാനുള്ള കരുത്ത് വളരെ പ്രധാനമാണ്. നമ്മളിൽ ഓരോരുത്തരും നമ്മുടെ ലക്ഷ്യം നേടുന്നതിന് വേണ്ടി പരിശ്രമിക്കുമ്പോൾ മറ്റുള്ളവർ നമ്മെ നിരുത്സാഹപ്പെടുത്താനാണ് ശ്രമിക്കുന്നത്. അങ്ങനെ നമ്മൾ ഗോവണി കയറി കൊണ്ടിരിക്കുമ്പോൾ രണ്ട് വഴികൾ കാണുകയാണ്. ഒരു വഴിയിൽ കൂടെ കുറേ പേർ പോകുന്നുണ്ട്. മറ്റൊരു വഴിയിലൂടെ കുറച്ചുപേർ മാത്രം പോകുന്നു. അവരെ നമ്മൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തർ എന്ന് വിളിക്കുന്നു. ഗോവണി കയറി കൊണ്ടിരിക്കുമ്പോൾ നമ്മുടെ വീഴ്ചകളെ മറ്റുള്ളവർ ആഘോഷമാക്കും. അതിൽ ശ്രദ്ധ നൽകാതെ നമ്മൾ നമ്മുടെ ലക്ഷ്യത്തിൽ വിശ്വസിച്ച് നമ്മളെ പരിഹസിച്ചവരെ ക്കൊണ്ട് കയ്യടിപ്പിക്കുക. അത്തരമൊരു അവസരത്തിൽ നമ്മൾ അവരെ നോക്കി ചെറു പുഞ്ചിരിയോടെ ഒരു നന്ദി പറഞ്ഞാൽ അതാണ് ഏറ്റവും നല്ല പ്രതികാരം. ലക്ഷ്യം നേടിയിട്ടുള്ള കാലം നമ്മൾ ഗോവണി ഇറങ്ങാൻ ആരംഭിക്കുന്നു. അതിൻെറ അവസാനമാണ് മരണം. പലരും അവരുടെ തോൽവികളും അവഗണനകളും ഓർത്ത് ആത്മഹത്യയ്ക്ക് ശ്രമിക്കാറുണ്ട് .ഈ ലോകത്തോട് വിട പറയാൻ ഒരു നിമിഷത്തിൻെറ

ബലം മതി. പക്ഷേ ഇതെല്ലാം സഹിച്ച് ആത്മവിശ്വാസത്തോടെ ജീവിതത്തോട് പൊരുതാൻ ഒരു ആയുസിന്റെ കരുത്ത് ആവശ്യമാണ്.ലോകത്തിലെ എല്ലാവർക്കും വിജയമാണ് ലഭിക്കുന്നത് എങ്കിൽ ആ വിജയത്തിന് എന്ത് മധുരമാണ് ഉള്ളത്? പരാജയമെന്ന പദം ഉള്ളതുകൊണ്ടാണ് വിജയത്തിന് ഇത്രയധികം മാധുര്യം. ഇന്ന് ലോകം കീഴടക്കിയവർ എല്ലാം വളരെയധികം പ്രയാസപ്പെട്ടാണ് അത് നേടിയെടുത്തത്. നമ്മൾ നമ്മുടെ ലക്ഷ്യത്തിൽ ഉറച്ച് വിശ്വസിക്കുക ,പരിശ്രമിക്കുക, ശേഷം വിജയം നേടുക. പ്രയാസമില്ലാതെ നേടുന്ന വിജയത്തിന് ഒരു പ്രധാന്യവും ഇല്ല. പരാജയം വിജയത്തിൻറെ ചവിട്ടു പടികൾ മാത്രമാണ്. പരാജയം വിജയത്തിലേക്കുള്ള നല്ലൊരു പ്രോത്സാഹനമാണ്. മറ്റുള്ളവരെ പോലെ ആവാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് മറ്റുള്ളവരിൽനിന്ന് വ്യത്യസ്തമായി നമ്മുടെ ലക്ഷ്യം നേടുന്നതാണ്.നമുക്കു നമ്മൾ മാത്രമേ ഉള്ളൂ എന്നതാണ് ജീവിതത്തോട് പൊരുതാനുള്ള ഏറ്റവും നല്ല സന്ദേശം.

## ആപ്പുകൾ



**ജാഫർ**
അറബിക് വിഭാഗം

തൻെറ എഴുപതാമത്തെ വയസ്സിലെ രൂപ മാറ്റത്തിലേക്ക് അയാൾ ഒരിക്കൽ കൂടി സാകൂതം നോക്കി. എന്നിട്ട്, ചുറ്റും ഇരിക്കുന്ന കൂട്ടുകാരുടെ മൊബൈലുകളിലേക്ക് നോക്കി, അവരുടേതുമായി താരതമ്യം ചെയ്തു. പിന്നെ ഉറക്കെ ചിരിച്ചു. അവൻ കൂട്ടുകാരൻെറ കൈയ്യിലിരുന്ന കഞ്ചാവു ബീഡി വാങ്ങി പുകച്ച് പതുക്കെ പുക മേലോട്ടു വിട്ടു. പിന്നെ മുനിഞ്ഞ ഇരുട്ടിൽ നിന്നും റോഡിലിറങ്ങി അവൻെറ ഡ്യൂക്ക് ബൈക്ക് സ്റ്റാർട്ട് ചെയ്തു. ആവേശത്തോടെ ശബ്ദമുണ്ടാക്കി മുന്നോട്ടു കുതിച്ചു. ഒരു വിദ്യാർത്ഥിയുടെ ചിതറിയ രക്തത്തിൽ കുളിച്ച ശരീരവും തകർന്ന ഒരു ബൈക്കിന്റേയും ഫോട്ടോ സഹിതം ഇപ്പോൾ മറ്റൊരു ആപ്പിൽ പറന്നു നടക്കുന്നുണ്ട്.....


PARENTS COMPUTER TRAINING PROGRAMME


മാതൃപരിശീലന പരിപാടി ★ കുടനിർമ്മാണം


കലോത്സവം








VK SHOP & STATIONERY AND COOL BAR




എന്റെ സ്വന്തം തവനൂർ -വാട്സ്ആപ്പ്
സൗഹൃദ കൂട്ടായ്മ സമ്മാനിച്ച ഒരു ലക്ഷം
രൂപ സ്കൂൾ അധികൃതർ ഏറ്റ
സ്കൂൾ വാർത്ത
REDMI NOTE 5 PRO
MI DUAL CAMERA


വിദ്യാരംഗം


പരിസ്ഥിതി ക്ലബ് പ്രവർത്തനങ്ങൾ

# DREAMS

In the midnight
Dreams are away from me

‘Oh’ dreams please come to me
To fill my heart the wondering of world

In this night I hear the murmering
Something moving beside me
And I can see shadows
Moving in the windows

My mind asking to shadows with a
Soundless voice, “who are you”
‘Oh’ dreams please come to me
To avoid the fears of night.

Fasna Shari
+2 Commerce

## ഓർമ്മ

Arya A

തെറിച്ചു വീണിടത്തുനിന്ന് മുളപൊട്ടുന്ന
നാമ്പുകൾ പോലെയാണ് ഓരോ ഓർമ്മകളും
അവ പലപ്പോഴും അടിച്ചമർത്തലിൻെറ
ആഘാതങ്ങൾ നേരിട്ടിരിക്കാം
എങ്കിലും അലങ്കാരങ്ങളില്ലാത്ത കണ്ണീരിനെ
അവൾ മതിവരാതെ പ്രണയിച്ചു
കറുത്ത മൂട്ടുപടം ചാർത്തിയ
ആഥിതേയരാണെന്ന് അറിഞ്ഞിട്ടും കൊതി-
തീരാതെ കാത്തിരുന്ന് ആ ഓർമ്മകളെ
അവൾ സ്വീകരിച്ചു
അന്നവൾക്ക് രക്തം പൊടിച്ച പനിനീർപ്പൂക്കളേ-
ക്കാൾ ഗന്ധമായിരിന്നു
സർവ്വശാന്തിയുടെ രാഗം തേടിയെത്തിയ
മരണത്തിൻെറ ഗന്ധം.




Spectrum Digital Magazine തയ്യാറാക്കുന്നതിന് രചനകൾ തയ്യാറാക്കി തരികയും സഹകരിക്കുകയും ചെയ്ത എല്ലാ കൂട്ടുകാർക്കും എഡിറ്റോറിയൽ ബോർഡിന്റെ നന്ദി രേഖപ്പെടുത്തുന്നു.

# *Little Kites Unit*

## K M G V H S S T AVANUR